"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം-ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല സന്നിധാനത്ത് ഡ്യൂട്ടി നോക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് ഒറ്റത്തവണ ലഗേജ് അലവൻസ് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.29/2025/TAXES  തീയതി,തിരുവനന്തപുരം, 07-01-2025

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 02.11.2024 ലെ ഇ.എക്സ്.സി/3834/2024-എക്സ്.എ1 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ചു ഡ്യൂട്ടി നോക്കുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ ലഗേജ് അലവൻസ് തുക 250/-രൂപയിൽ നിന്നും 500/-രൂപയായി ഉയർത്തുന്നതിനായി പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ്,ഫയർ & റെസ്ക്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഈ തീർത്ഥാടന വർഷം ലഗേജ് അലവൻസ് 250 രൂപ അനുവദിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് എന്നതിനാൽ,2024-25 ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല സന്നിധാനത്ത് ഡ്യൂട്ടിക്കായി വിന്യസിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ലഗേജ് അലവൻസ് ഇനത്തിൽ ഒറ്റതവണയായി ഒരാൾക്ക് 250/-രൂപ (ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) അനുവദിച്ചും, ടി തുക എക്സൈസ് വകുപ്പിലെ "01-Salaries-5-other allowances" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
3.ധനകാര്യ വകുപ്പ്(2940735:TAXES-F3/239/2024-TAXES dated 28.12.2024).
4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
5.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
സെക്ഷൻ ഓഫീസർ
Date: 07-01-2025 16:38:00